# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കൊരട്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## തൃശ്ശൂർ – 680020

**ഇ-മെയിൽ: dotsr.ksad@kerala.gov.in**

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. (പി5)1933/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊരട്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി5)1933/2023 തീയ്യതി: 22/12/2023

## തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-11-2022 മുതൽ 06-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു പി. എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2023 | 17-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-11-2023 | 17-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ഷീന കെ. ടി, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ.)
ശ്രീ. സിജു പി ഡാംസൺ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി സുമിത ടി. എസ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ
ശ്രീമതി നിലൂഫർ ബി.ഐ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി. സി ബിജു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ഷിനിൽ സി. എൻ | സെക്രട്ടറി | 01-04-2022 | 01-10-2022 |
| പ്രദീപ് കുമാർ പി. എസ് | സെക്രട്ടറി | 02-10-2022 | 06-10-2022 |
| ജ്യോതിഷ് കുമാർ കെ. വി | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രദീപ് കുമാർ പി. എസ് | അസി. സെക്രട്ടറി | 01-04-2022 | 01-11-2022 |
| ഉഷാ ദേവി കെ. എസ് | അസി. സെക്രട്ടറി | 02-11-2022 | 31-03-2023 |
| ദീപ ജോണി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ജയൻ ജോസഫ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| സിജി കെ. വി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| വഹീത ബീബി പി. എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1(കട്ടപ്പുറം സർക്കിൾ) | 01-04-2022 | 04-11-2022 |
| അനീസ് മുഹമ്മദ് എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1(കട്ടപ്പുറം സർക്കിൾ) | 05-11-2022 | 31-03-2023 |
| ജയലക്ഷ്മി ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2(കോനൂർ സർക്കിൾ) | 01-04-2022 | 06-05-2022 |
| വഹീത ബീബി പി. എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2(കോനൂർ സർക്കിൾ) | 07-05-2022 | 20-07-2022 |
| ലിഷ വി. ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2(കോനൂർ സർക്കിൾ) | 21-07-2022 | 26-12-2022 |
| അനീസ് മുഹമ്മദ് എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2(കോനൂർ | 27-12-2022 | 31-12-2022 |

| | | | |
|---|---|---|---|
| | സർക്കിൾ) | | |
| ജിജു കെ. വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2(കോനൂർ സർക്കിൾ) | 01-01-2023 | 31-03-2023 |
| സൗമ്യ പി പോൾസൺ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ബിന്ധ്യ വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| നീന ജോസഫ് | ഹെഡ്മിസ്ട്രസ്സ്, പി.എൽ.പി സ്കൂൾ | 01-04-2022 | 31-05-2022 |
| കവിത കെ. എം | ഹെഡ്മിസ്ട്രസ്സ്, പി.എൽ.പി സ്കൂൾ | 01-06-2022 | 31-03-2023 |
| അമ്പിളി കെ. കെ | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-04-2022 | 12-09-2022 |
| ആന്റു എ. വി | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 13-09-2022 | 31-03-2023 |
| സെബിൻ പി. എഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 30-06-2022 |
| ആൽവിൻ പി. വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-07-2022 | 31-03-2023 |
| ജിബിന എം. എം | സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ചെലവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-3 |
| 5 | വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | നോൺ-റെസിഡൻഷ്യൽ തൻവർഷം-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | കുടിശ്ശിക റെസിഡൻഷ്യൽ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കുടിശ്ശിക നോൺ-റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-8 |
| 10 | അഡ്വാൻസ് തുക വർദ്ധിപ്പിച്ചു | 1-1-9 |
| 11 | മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല | 1-1-10 |
| 12 | വസ്തുനികുതി മുൻകൂർ വാർഷികകണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-12 |
| 14 | വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണ മാത്രം | 1-1-13 |
| 15 | വാടക ഡിമാന്റ് ഒറ്റത്തവണ മാത്രം | 1-1-14 |
| 16 | വാടക രജിസ്റ്ററും വാർഷികകണക്കും പൊരുത്തമില്ല | 1-1-15 |
| 17 | ഡി.സി.ബി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല | 1-1-16 |

| | | |
|---|---|---|
| 18 | ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ, അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | ഡിപ്രിസിയേഷൻ-വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ -ഹാജരാക്കിയിട്ടില്ല | 1-1-18 |
| 20 | പ്രൊവിഷൻ- വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല | 1-1-19 |
| 21 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 1-1-20 |
| 22 | " Capital Contribution”ഒരേ തുക ചേർത്തു | 1-1-21 |
| 23 | ഓപ്പണിംഗ് ബാലൻസ്ഷീറ്റ് വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല | 1-1-22 |
| 24 | തൊഴിലുറപ്പ് പദ്ധതി-തെറ്റായ രേഖപ്പെടുത്തൽ | 1-1-23 |
| 25 | ക്ലോസിങ്ങ് സ്റ്റോക്കിൽ ചേർത്തിട്ടില്ല | 1-1-24 |
| 26 | ബജറ്റ് | 1-2 |
| 27 | ഫണ്ട് വിനിയോഗം | 1-3 |
| 28 | പദ്ധതി അവലോകനം | 1-4 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 30 | ക്ഷേമപെൻഷനുകൾ | 1-6 |
| 31 | ക്യാഷ് പരിശോധന | 1-7 |
| 32 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 33 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 34 | വസ്തുനികുതി (നോൺ റസിഡൻഷ്യൽ) ഡിമാന്റിൽ വ്യത്യാസം | 1-10 |
| 35 | ജീവനക്കാർ തൊഴിൽ നികുതി അടവാക്കേണ്ടതാണ് | 1-11 |
| 36 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-12 |
| 37 | ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-13 |
| 38 | തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-14 |
| 39 | കടമുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 40 | ലൈസൻസ്-അപാകങ്ങൾ | 1-16 |
| 41 | അങ്കണവാടി നമ്പർ 51-ശോചനീയാവസ്ഥയിൽ | 1-17 |

| | | |
|---|---|---|
| 42 | വാട്ടർ പ്യൂരിഫയറുകൾ-സ്ഥാപിച്ചിട്ടില്ല-പ്രവർത്തനക്ഷമമാക്കാത്തതിന്റെ ചെലവ് തുക 2,50,000/രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 43 | സാനിറ്ററിനാപ്കിൻ വെന്ററിങ്ങ് മെഷീൻ ആന്റ് ഡിസ്ട്രോയർ മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-19 |
| 44 | ആശ്രയ-അഗതി രഹിത കേരളം-കുടുംബശ്രീ അക്കൗണ്ടിൽ തുക ചെലവഴിക്കാൻ അവശേഷിക്കുന്നു-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 45 | അളവ് പുസ്തകത്തിലെ ഗണിത ക്രിയയിൽ വ്യത്യാസം- 918 രൂപ കരാറുകാരന് അധികം നല്കി; ജി.എസ്.ടി യുടെ 4% കൂടി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂക്ഷ്മപരിശോധന, മേൽനോട്ടം എന്നിവയ്ക്ക് തുക നല്കിയതിനാൽ 1526 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അധികം നല്കി | 1-21 |
| 46 | തൊഴിലുറപ്പ് പദ്ധതി - പഞ്ചായത്തിന് ആസ്തി നിർമിക്കുന്ന പ്രോജക്റ്റുകൾ-മെറ്റീരിയൽ വാങ്ങൽ- ജി.എസ്.ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കുന്നതിന് ശുപാർശ (FTO) നല്കി- ജിഎസ് ടി.ടി.ഡി.എസ് കുറവ് ചെയ്തില്ല | 1-22 |
| 47 | ഇല്ലാത്ത വായ്പക്ക് സ്രോതസ്സിൽ നിന്ന് വിഹിതം ഈടാക്കി | 1-23 |
| 48 | കന്നുകുട്ടി പരിപാലനം-സബ്സിഡി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-24 |
| 49 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ-കൺസൾട്ടന്റുമായി കരാർ വച്ചില്ല | 1-25 |
| 50 | സമേതം-സമഗ്ര വിദ്യാഭ്യാസ പരിപാടി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-26 |
| 51 | കൊരട്ടി ശ്രീ. ഫുഡ്- മെഷിനറി വാങ്ങൽ-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-27 |
| 52 | ലൈഫ് ഭവനനിർമാണം-പണി പൂർത്തീകരിക്കേണ്ടതാണ് | 1-28 |
| 53 | പഞ്ചായത്ത് എൽ.പി സ്കൂൾ വാഹനത്തിന്റെ ഇന്ധനച്ചെലവ്-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-29 |
| 54 | സർവശിക്ഷാ കേരളം(എസ്.സി.പി)-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-30 |
| 55 | വയോ ക്ലിനിക്-ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-31 |
| 56 | ലാപ്ടോപ്പ് ലഭ്യമായില്ല | 1-32 |

| | | |
|---|---|---|
| 57 | എച്ച്.എം.സി കണക്കുകൾ ഹാജരാക്കിയില്ല | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | അളവ് പുസ്തകത്തിലെ ഗണിത ക്രിയയിൽ വ്യത്യാസം- 918 രൂപ കരാറുകാരന് അധികം നല്കി; ജി.എസ്.ടി യുടെ 4% കൂടി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂക്ഷ്മപരിശോധന, മേൽനോട്ടം എന്നിവയ്ക്ക് തുക നല്കിയതിനാൽ 1526 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അധികം നല്കി | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനപൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14.07.2023 തീയതിയിലെ 3(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 14.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി,കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി: 22.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

## 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 987360.00 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 953163.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ചെലവ് തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

താഴെ ചേർക്കുന്ന പ്രോജക്റ്റുകളിൽ പ്രവൃത്തികളുടെ ചെലവ് തുക തെറ്റായി റവന്യൂ ചെലവായി രേഖപ്പെടുത്തിയതിനാൽ തത്തുല്യ തുകക്കുള്ള ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാതെ പോകാൻ ഇടയാക്കി. വിശദാംശം താഴെ ചേർക്കുന്നു.

| Sl No | No. & Name Of Project | Amountt | Head Under Which Expenditure Is Booked |
|---|---|---|---|
| 1 | 1/23 അങ്കണവാടികൾക്ക് വാട്ടർ പ്യൂരിഫയർ | 275,254 | 251170001-Infrastructure Facilities For Anganwadi-Maintenance Of Drinking Water Facilities |
| 2 | 291-പഞ്ചായത്ത് ഓഫീസിലേക്ക് ശീതീകരണ സംവിധാനം ഒരുക്കൽ | 32716<br>66284 | 252120006-Establishing AC In Office Buildings<br>251220002-Improvement Of The Service Of Local Governments-Maintenance Of Computers And Peripherals |
| 3 | 234- കൊരട്ടി ശ്രീ. ഫുഡ്-മെഷിനറി വാങ്ങൽ | 469500 | 250140001-Small Scale Industries-Individual Group Enterprises- Food Processing |

## 1-1-4 വസ്തു നികുതി റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**തൻവർഷം**

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4339787 | 4282451 | 57663 | 9110 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4339787 | 4282451 | 24630 | 9110 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | 9576x100/105=9120., ചെറിയ തുക വ്യത്യാസം ആയതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുക എടുക്കുന്നു. |

1.മുൻകൂർ തുക ക്രമീകരിച്ചത് വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയസോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-5 നോൺ-റെസിഡൻഷ്യൽ തൻവർഷം-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6703758 | 5991368 | 49082 | 789215 |

| | | | | |
|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 6703758 | 5991368 | 22754 | 789215 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | 828726*100/105=789262., ചെറിയ തുക വ്യത്യാസം ആയതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുക എടുക്കുന്നു. |

1. മുൻകൂർ ക്രമീകരിച്ച തുക എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

## **1-1-6 കുടിശ്ശിക റെസിഡൻഷ്യൽ-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

കുടിശ്ശിക റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 98617 | 87070 | 11556 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 17773 | 87070 | 11556 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4429+14233= 18862/105*100=17773) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 12135*100/105 =11557.,ചെറിയ തുക വ്യത്യാസം ആയതിനാൽ സഞ്ചയ സോഫ്റ്റ്‌വെയർ |

| | | | പ്രകാരമുള്ള തുക എടുക്കുന്നു. |
|---|---|---|---|

1. ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

## **1-1-7 കുടിശ്ശിക നോൺ-റെസിഡൻഷ്യൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല**

കുടിശ്ശിക നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4328172 | 30827 | 4297353 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4327958 | 30827 | 4297353 |
| | (2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(654289+3890067= 4544356/105*100=4327958) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 4512503*100/105= 4297622.,ചെറിയ തുക വ്യത്യാസം സഞ്ചയയിലെ തുക എടുക്കുന്നു |

1.ഡിമാന്റ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## **1-1-8 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല**

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 524918.00രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 523405.00 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/Levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല മറിച്ച് 599542.00 രൂപയാണ്. (ജേണൽ വൌച്ചർ നം. 42201432, 42201433 & 42201434/31-03-2023)

## 1-1-9 അഡ്വാൻസ് തുക വർദ്ധിപ്പിച്ചു

"431910101-State Govt. Cesses/Levies In Property Taxes - Control Account" അക്കൗണ്ടിലേയ്ക്ക് ഡെബിറ്റ് നല്കിയും റെസിഡെൻഷ്യൽ/നോൺ റെസിഡെൻഷ്യൽ വസ്തുനികുതി അഡ്വാൻസ് ലെഡ്ജറിലേയ്ക്ക് ക്രെഡിറ്റ് നല്കിയും വസ്തു നികുതി മുൻകൂർ തുക ലഭിച്ചതായി ചേർത്തിരിക്കുന്നു. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല.

ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|
| 42201434 | 31-03-2023 | 78673 |

നോൺ-റെസിഡൻഷ്യൽ

| ജേണൽ വൌച്ചർ | തീയ്യതി | തുക |
|---|---|---|
| 42201434 | 31-03-2023 | 78674 |

## 1-1-10 മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം

രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/Trad/Prof | 237050 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Factories, Traders, Entrepreneurs And Other Services | 338300 |

## 1-1-11 വസ്തുനികുതി മുൻകൂർ വാർഷികകണക്കും രജിസ്റ്ററും പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Sl No | Head | Amount As Per Balance Sheet B9 | As Per Demand Register-Sanchaya |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 78674 | 622147 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 78673 | 484399 |

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-13 വസ്തുനികുതി ഡിമാന്റ് ഒറ്റത്തവണ മാത്രം

1/4/2022ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ കൊരട്ടി ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. കൂടാതെ 31.3.2023 ൽ ഡിമാന്റ് കുറവ് ചെയ്തിട്ടുണ്ട് ഈ ഡിമാന്റ് എൻട്രികൾക്കും കുറവ് ചെയ്ത എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്തരവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-14 വാടക ഡിമാന്റ് ഒറ്റത്തവണ മാത്രം

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (8 കെട്ടിടങ്ങൾ) | 130100101-Rent From Building | 802708.00 | 31.03.2023 | 42201847 |
| 2 | ലീസ് ഓഫ് ലാൻഡ് (5 എണ്ണം) | 130100102-Rent From Lease Of Land | 125445.00 | 31.03.2023 | 42201848 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-1-15 വാടക രജിസ്റ്ററും വാർഷികകണക്കും പൊരുത്തമില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഡിമാന്റിൽ കെട്ടിടങ്ങളുടേയും ലീസ് ഓഫ് ലാൻഡിന്റേയും ഒരുമിച്ചാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കളക്ഷനിൽ താഴെ പറയും പ്രകാരം വ്യത്യാസം ഉണ്ട്.

| | രജിസ്റ്റർ പ്രകാരം | വാർഷികകണക്ക് പ്രകാരം |
|---|---|---|
| ഡിമാന്റ് | 928153 | 928153 (കെട്ടിട വാടക-802708+ ലീസ് ഓഫ് ലാൻഡ്-125445) |
| കളക്ഷൻ | 928153 | 1019685 (കെട്ടിട വാടക-768188+ ലീസ് ഓഫ് ലാൻഡ്-20094+അഡ്വാൻസ് 21-22-231403) |
| ബാലൻസ് | 0 | 0 |

കളക്ഷന്റെ വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

## 1-1-16 ഡി.സി.ബി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല

ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ്, ലേലം, തൊഴിൽ നികുതി ട്രേഡേഴ്സ് എന്നിവയുടെ ഡി.സി.ബി രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി തയ്യാറാക്കിയിട്ടില്ല.

## 1-1-17 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ, അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-1-18 ഡിപ്രിസിയേഷൻ-വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ -ഹാജരാക്കിയിട്ടില്ല

2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 67553864.00 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-1-19 പ്രൊവിഷൻ- വർക്ക്ഷീറ്റ്,ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം, വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി പ്രൊവിഷൻ ബി10 ൽ ചേർത്തിട്ടുണ്ട്.

| ക്രമ നം. | ശീർഷകം | 2022-23 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക |
|---|---|---|
| 1. | 360100104-Provision For Doubtful Receivable-Rent From Buildings | 196033 |
| 2 | 360100101-Provision For Doubtful Receivable-Property Tax | 1487961 |
| 3 | 360100105- Provision For Doubtful Receivable-Rent Lease Of Land | 23738 |

എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-1-20 ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 3953317.00രൂപയുടെ നിക്ഷേപം കാണുന്നു. ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ ഇൻവെസ്റ്റ്മന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-21 " Capital Contribution”ഒരേ തുക ചേർത്തു

31/3/2022 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് (65390185.00) 31/3/2023 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. (NREGS ഒഴികെ) വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ. 26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-1-22 ഓപ്പണിംഗ് ബാലൻസ്ഷീറ്റ് വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ. 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

Opening Balance Sheet

31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

## 1-1-23 തൊഴിലുറപ്പ് പദ്ധതി-തെറ്റായ രേഖപ്പെടുത്തൽ

തൊഴിലുറപ്പ് പദ്ധതിയുടെ 312100128 എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജർ (5382132) പരിശോധിച്ചതിൽ പഞ്ചായത്തിന്റെ സ്ഥിര ആസ്തി ആയി ഉൾപ്പെടുത്തേണ്ടതില്ലാത്ത പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട് (ആകെ പ്രവൃത്തിമൂല്യം-3805305.00 രൂ). 1576827രൂപയുടെ ആസ്തികളാണ് ഉൾപ്പെടുത്താവുന്നത്.

| Work Name | MB No | Unskilled | Skilled | Material | Total |
|---|---|---|---|---|---|
| മുല്ലപറമ്പ് റോഡ് നിർമ്മാണം RC363060 | 12/22-23 | 22392.00 | 27270.00 | 0.00 | 49662.00 |

| | | | | | |
|---|---|---|---|---|---|
| ഖരമാലിന്യ സംഭരണ കേന്ദ്രം നിർമ്മാണം AV278576 | 31/22-23 | 4354.00 | 6240.00 | 26402.00 | 36996.00 |
| കൈമൾറോഡ് കോൺക്രീറ്റീംഗ്, ഡ്രെയിനേജ് നിർമ്മാണം RC362208 | 28/2223 | 22392.00 | 18380.00 | 0.00 | 40772.00 |
| അംഗനവാടി കെട്ടിട നിർമ്മാണം (വമ്പർ 28)AV260936 | 21/20-21, 21A/20-21, 21B/20-21, 21C/20-21, 21D/20-21, 21E/20-21, 21F/20-21 | 11196.00 | 0.00 | 0.00 | 11196.00 |
| ഖരമാലിന്യസംഭരണ കേന്ദ്രം നിർമ്മാണം AV278571 | 45/22-23 | 4354.00 | 4650.00 | 1197.00 | 10201.00 |
| ഖരമാലിന്യസംഭരണ കേന്ദ്രം നിർമ്മാണം AV278513 | 47/22-23 | 4354.00 | 4650.00 | 0.00 | 9004.00 |
| അംഗനവാടി കെട്ടിട നിർമ്മാണം (വമ്പർ 44) AV261460 | 23/20-21, 23A/20-21, 23B/20-21, 23C/20- | 27057.00 | 77370.00 | 0.00 | 104427.00 |

| | | | | | |
|---|---|---|---|---|---|
| | 21, 23D/20-21, 23E/20-21, 23F/20-21,59/22-23 | | | | |
| കോൺവെന്റ് റോഡ് ഒ◌ാൾഡ് എൻ എച്ച് ലിങ്ക് റോഡ് കോൺക്രീറ്റിംഗ് RC360765 | 48/22-23 | 7464.00 | 7520.00 | 0.00 | 14984.00 |
| ഖരമാലിന്യസംഭരണ കേന്ദ്രം നിർമ്മാണം AV278558 | 56/22-23 | 4354.00 | 4650.00 | 0.00 | 9004.00 |
| ലക്ഷം വീട് കോളനി തോട് ആഴം കൂട്ടിപാർശ്വഭിത്തി നിർമ്മാണം FP381406 | 87/22-23, 57/22-23 | 51315.00 | 87290.00 | 0.00 | 138605.00 |
| ചെറ്റാരിക്കൽ പി ഡബ്ളിയു ഡി ലിങ്ക് റോഡ് നിർമ്മാണം RC359661 | 65/22-23 | 11507.00 | 17920.00 | 0.00 | 29427.00 |
| കമ്പനി തോട് ആഴം കൂട്ടി പാർശ്വഭിത്തി നിർമ്മാണം WC486789 | 77/22-23 | 105429.00 | 94740.00 | 0.00 | 200169.00 |
| കാരക്കതോട് ആഴം കൂട്ടി പാർശ്വഭിത്തി നിർമ്മാണം WC425423 | 78/22-23 | 207748.00 | 26040.00 | 0.00 | 233788.00 |

| | | | | | |
|---|---|---|---|---|---|
| ചുറ്റുപാടം റോഡ് കോൺക്രീറ്റിംഗ്, ഡ്രെയിനേജ് നിർമ്മാണം RC369901 | 66/22-23 | 12751.00 | 12320.00 | 0.00 | 25071.00 |
| ചീരംകുഴി സൗഹൃദ റോഡ് നിർമ്മാണം RC362214 | 80/22-23 | 9641.00 | 12320.00 | 124462.00 | 146423.00 |
| സൗഹൃദ റോഡ് നിർമ്മാണം RC362222 | 83/22-23 | 33899.00 | 40250.00 | 389073.00 | 463222.00 |
| ഖരമാലിന്യസംഭരണ കേന്ദ്രം നിർമ്മാണം AV272644 | 57/21-22 | 4043.00 | 4160.00 | 0.00 | 8203.00 |
| ഖരമാലിന്യസംഭരണ കേന്ദ്രം നിർമ്മാണം AV278581 | 79/21-22 | 4043.00 | 4160.00 | 0.00 | 8203.00 |
| ഖരമാലിന്യസംഭരണ കേന്ദ്രം നിർമ്മാണം AV278568 | 124/21-22 | 4043.00 | 4650.00 | 0.00 | 8693.00 |
| പുല്ലംഞ്ചേരി സങ്കേതത്തിലേക്കുള്ള റോഡ് കോൺക്രീറ്റിംഗ് V RC362227 | 67/22-23 | 12440.00 | 14640.00 | 1697.00 | 28777.00 |
| | | 564776.00 | 469220.00 | 542831.00 | 1576827.00 |

മേൽ അപാകം2023-24വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

ബി)2022-23 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവ് 11,86,800 രൂപയും കൂലി/സാധനങ്ങളുടെ സപ്ലൈ ചെലവ് തുക 1,61,08,352രൂപയും ഇപ്രകാരം ആകെ ചെലവ് 1,72,95,152 രൂപയുമാണ്. ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ട് പ്രകാരം തൊഴിലുറപ്പ്പദ്ധതിയുടെ ആകെ ചെലവ് തുക "256100116-Administrative Expenses- MNREGS/AUEGS” എന്ന ശീർഷകത്തിലാണ് ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

"256100116- Administrative Expenses- MNREGS/AUEGS" എന്ന ശീർഷകത്തിൽ 11,86,800 രൂപയും "253100101-Total Poverty Alleviation"എന്ന ശീർഷകത്തിൽ 1,61,08,352 രൂപയും ആണ് വരേണ്ടിയിരുന്നത് (ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ട് പ്രകാരം ആകെ ചെലവ് തെറ്റായി 1,34,89,847 രൂപ (ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഒഴിവാക്കി) ആണ് ചേർത്തിരിക്കുന്നത്.)

## 1-1-24 ക്ലോസിങ്ങ് സ്റ്റോക്കിൽ ചേർത്തിട്ടില്ല

എ)ക്ലോസിങ്ങ് സ്റ്റോക്ക് വാർഷികകണക്ക് ബി 14 പ്രകാരം 0 ആണ്. എന്നാൽ ഇലക്ട്രിസിറ്റി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ എൽ.ഇ.ഡി ട്യൂബ് ലൈറ്റ് 31.3.02023 ൽ 1000 എണ്ണം ബാലൻസ് ഉണ്ട് (പേജ് നമ്പർ 81). ഇവയുടെ മൂല്യം കണക്കാക്കി ക്ലോസിങ്ങ് സ്റ്റോക്കിൽ ചേർത്തിട്ടില്ല.

ബി)സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ)).

## 1-2 ബജറ്റ്

| | പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|---|
| ബജറ്റ് | 26-3-2022 | 1(1) | 369239046 | 363056750 |
| റിവൈസ്ഡ് ബജറ്റ് | 13-3-2023 | 2/1 | 369239046 | 363056750 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്*/ ലാപ്സായതുക** |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 17992000 | 17992000 | 16684582 | 1307418** |
| വികസന ഫണ്ട്- എസ്.സി.പി | 0 | 8517000 | 8517000 | 8161679 | 355321** |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് | 0 | 12739000 | 12739000 | 3941521 | 8797479** |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6218000 | 6218000 | 5555338 | 662662** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied Fund Bank | 2265500 | 4693000 | 6958500 | 2425871 | 4532629* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied Fund ട്രഷറി | | 191875 | 191875 | 86522 | 105353** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied Fund Bank | 55506 | 3335748 | 3391254 | 2525283 | 865971* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied Fund ട്രഷറി | | 177 | 177 | 177 | 0 |
| സാക്ഷരത | 44672 | 1800 | 46472 | 0 | 46472* |
| TSC | 1886821 | | 1886821 | 465524 | 1421297* |
| ICDS | 1005790 | 1121464 | 2127254 | 225955 | 1901299* |
| Vimukthi | 41834 | 0 | 41834 | 0 | 41834* |

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. വരവിൽ ആയതു കൂടി ഉൾപ്പെടുത്തിയാണ് വികസന ഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ വരവ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്. കൂടാതെ വികസനഫണ്ട് ജനറൽ ചെലവ് വാർഷികകണക്ക് I-6 മായി പൊരുത്തപ്പെടുന്നില്ല.

2) സി.എഫ്.സി ടൈഡ്, സി.എഫ്.സി അൺടൈഡ് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. വരവിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. അപാകത പരിഹരിച്ച വിവരങ്ങളാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

3) മാനുവൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ എല്ലാ ഗ്രാന്റ് വിവരങ്ങളും ഉൾപ്പെട്ടിട്ടില്ല. B4 ഷെഡ്യൂളിൽ ഉൾപ്പെട്ട എല്ലാ ഗ്രാന്റുകളുടെയും വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 237 | 140739393 | 139 | 50974407 | 36.21 | 58.64 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1186922 | 1186922 | 1186800 | 122 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 16108352.00 | 16108352.00 | 16108352.00 | 0 |
| മെറ്റീരിയൽ കോസ്റ്റ് | 0 | *1576827 | 1576827 | 1576827 | |
| ആകെ | 0 | 18872101 | 18872101.84 | 18871979 | 122 |

* പഞ്ചായത്തിന് ആസ്തി സൃഷ്ടിച്ച പ്രവൃത്തികൾ തെറ്റായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 3 യിൽ 312100128 ശീർഷകത്തിൽ 1576827.00 ചേർക്കേണ്ടതിനു പകരം 5382132.00 ആണ് ചേർത്തിരിക്കുന്നത്. ആയതിനാൽ ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിലെ I-6, 1-14 എന്നിവയിലെ വരവ് ചെലവ് തുകകൾക്കും വ്യത്യാസമുണ്ട്. അത് ഖ.1-1-24 ൽ ചേർത്തിട്ടുണ്ട്.

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2945200 | 234 |
| വിധവാ പെൻഷൻ | 13795500 | 1196 |
| വാർദ്ധക്യകാല പെൻഷൻ | 35020100 | 3264 |
| വികലാംഗ പെൻഷൻ | 3649400 | 327 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1338000 | 124 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 120000 | 4 |

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2023 തീയതിയിൽ 2.50 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16795/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഒന്നാം ഭാഗത്തിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സ് പ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. തനത് വരുമാന കുടിശ്ശിക നിവാരണത്തിനായി നികുതി പിരിവ് കളക്ഷൻ ക്യാമ്പ്, അനൗൺസ്മെന്റ്, കുടുംബശ്രീ മുഖേന നോട്ടീസ് വിതരണം, എന്നിവ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. 100% നികുതി പിരിവ് നേട്ടം കൈവരിച്ചതായി പറയുന്നുവെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതിയിനത്തിൽ കുടിശ്ശികയുണ്ട്. ആയത് പിരിച്ചെടുക്കുന്നതിന് റവന്യു റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയും ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് വരുന്നുമുണ്ട്. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനങ്ങൾ മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുങ്ങളിലും വായിച്ച് അവതരിപ്പിക്കാറുണ്ട്. നികുതി-നികുതിയേതര വരവിനങ്ങൾ സാമ്പത്തിക വർഷാവസാനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ലെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

തനത് വരുമാനത്തിലെ കുടിശിക നിവാരണത്തിനായി കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് ( % ) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 4160515 | 4339787 | 4.3 | 201കെട്ടിടങ്ങൾ 2022-23ൽ അസ്സസ് ചെയ്തു. |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 10384973 | 6703758 | -35.4 | |
| തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 888799 | 877480 | – 1.2 | |
| തൊഴിൽ നികുതി | 5375333 | 6354295 | 18.2 | |

| | | | |
|---|---|---|---|
| ജീവനക്കാർ | | | |
| വാടക---കെട്ടിടങ്ങൾ) | 1156988 | 802708 | -30.6 |
| വാടക-ഭൂമി പാട്ടം | 101459 | 125445 | 23.6 |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ വസ്തുനികുതി(നോൺ റസിഡൻഷ്യൽ), തൊഴിൽ നികുതി (സ്ഥാപനങ്ങൾ,ട്രേഡേഴ്സ്), വാടക( കെട്ടിടങ്ങൾ)എന്നിവയുടെ ഡിമാന്റ് കുറവായി കാണുന്നു.വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

## <u>വസ്തുനികുതി</u>

കേരള സർക്കാർ തദ്ദേശസ്വയംഭരണ(ആർ.സി)വകുപ്പ് പുറപ്പെടുവിച്ച സ.ഉ (അച്ചടി) നം.25/ 2023 ത.സ്വ.ഭ.വ തീയതി 05.04.2023 വിജ്ഞാപന പ്രകാരം കൊരട്ടി ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ടി സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ സാമ്പത്തിക സ്ഥിതി മറ്റു പ്രത്യേകതകൾ എന്നിവ പരിഗണിച്ച് ഓരോ വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 2022-23 വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഉത്തരവുകൾക്ക് അനുസരിച്ച് നിലവിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതിയുടെ 5% വർദ്ധനവ് സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തിയിട്ടുണ്ട്. പുതുക്കിയ നിരക്ക് നിലവിൽ വരുമ്പോൾ അധിക നികുതി അടയ്ക്കുന്നതാണെന്നുള്ള രേഖമൂലമുള്ള ഉറപ്പിന്മേൽ നിലവിൽ പുതിയ കെട്ടിടങ്ങൾക്കും പഴയ നിരക്കിലാണ് നികുതി ഈടാക്കി വരുന്നത്. ആയതിനോടനുബന്ധിച്ച് ഡാറ്റ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റ ലോക്ക് ചെയ്തിട്ടുണ്ട്. റോഡ് മാപ്പ് തയ്യാറാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ് ചട്ടങ്ങളിലെ ചട്ടം 7 നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖല സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി പരിഷ്കരണം നടത്തുന്ന ഈ സാഹചര്യത്തിൽ മേഖല അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തെ തിരിച്ചിട്ടുള്ളത് പുനഃപരിശോധിക്കാവുന്നതാണ്. തുറസ്സായ

സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ ഫീൽഡ് സന്ദർശനം നടത്തി പരിശോധന നടത്തി വരുന്നുണ്ട്. അനധികൃത കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതി കുടിശ്ശികയില്ല.

**സേവന ഉപനികുതി**

പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി ചുമത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ചട്ടം 26 പ്രകാരം ഈടാക്കാവുന്ന സേവന ഉപനികുതി ചുമത്തേണ്ടതില്ല എന്ന മുൻ വർഷങ്ങളിലെ തീരുമാനം തുടന്നുപോരുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ 4 എണ്ണം ഉണ്ട്.പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സർവീസ് ചാർജ് ഈടാക്കുന്നില്ല.

**തൊഴിൽ നികുതി**

പഞ്ചായത്ത് പരിധിയിൽ റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നുണ്ട്. ആയതിനാൽ തന്നെ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ സ്ഥാപനങ്ങൾ , ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വരുന്നതായി കാണുന്നില്ല. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് തടയുന്നതിനും സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ കൃത്യമായി ഡിമാൻഡ് ചെയ്ത് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റ ബേസ് സൂക്ഷിക്കുന്നില്ല. എന്നാൽ നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രം ഡിമാന്റ് രജിസ്റ്ററിൽ മേൽ പ്രകാരം വർഗീകരിച്ച് സൂക്ഷിച്ചിട്ടുണ്ട്.

**വിനോദനികുതി**

അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/സ്റ്റേഡിയം, നീന്തൽ കുളങ്ങൾ എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ആയതിനാൽ തന്നെ വിനോദ നികുതി വരുമാനത്തിന്റെ സാധ്യത പഞ്ചായത്തിൽ നിലനിൽക്കുന്നില്ല. വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ മാർഗ്ഗനിർദ്ദേശങ്ങളെ

സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾ എടുത്തതായി കാണുന്നില്ല.

**VI. നികുതിയേതര വരവുകൾ**

**(1) വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ**

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ, ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 18, 21, 24 എന്നിവ പ്രകാരം പരിശോധന നടത്തിയിട്ടുണ്ട്. എല്ലാ വാണിജ്യ- വ്യാപാര സ്ഥാപനങ്ങളേയും ഉൾക്കൊള്ളിച്ചു കൊണ്ട് വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് എടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**(2) ലേലം, വാടക എന്നിവയിൽ നിന്നുള്ള ആദായം സംബന്ധിച്ച പരിശോധന**

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നുണ്ട്. വാടക കൃത്യമായി ഈടാക്കി വരുന്നുണ്ട്. കാലഹരണപ്പെട്ട ആസ്തികൾ യഥാസമയം ലേലം ചെയ്യുന്നതു സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. പാഴ് വസ്തുക്കൾ, പഞ്ചായത്ത് കുളത്തിലെ മത്സ്യം എന്നിവ ലേലം ചെയ്ത് മുതൽക്കൂട്ടിയത് പരിശോധിച്ചു. ആംബുലൻസ്, കാർഷികയന്ത്രങ്ങൾ തുടങ്ങിയവയിൽ നിന്നും പഞ്ചായത്തിന് വാടകയില്ല.

ശിപാർശകൾ

വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, ലേലം എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്. കൂടാതെ വിനോദ നികുതി കൃത്യമായി ചുമത്തി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വസ്തുനികുതി (നോൺ റസിഡൻഷ്യൽ) ഡിമാന്റിൽ വ്യത്യാസം

2018-19 മുതൽ 2022-23 വരെയുള്ള നോൺ റെസിഡൻഷ്യൽ (കറന്റ്) ഡിമാന്റ് തുകകൾ പരിശോധിച്ചതിൽ 2018-19 മുതൽ 2020-21 വരെ ക്രമാനുഗതമായ വർദ്ധനവാണ് കാണിക്കുന്നത്. എന്നാൽ

2021-22 ൽ ഡിമാന്റിൽ 75.8% വർദ്ധനവ് കാണിക്കുന്നു.എന്നാൽ 2022-23 ൽ ഡിമാന്റിൽ 35.4% കുറവായും കാണിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | ഡിമാന്റ് തുക | കളക്ഷൻ തുക |
|---|---|---|
| 2018-19 | 5334355 | 4285219 |
| 2019-20 | 5710959 | 4737647 |
| 2020-21 | 5907859 | 511659 |
| 2021-22 | 10384973 | 5546168 |
| 2022-23 | 6703758 | 5991368 |

ഇത്തരത്തിൽ 2021-22, 2022-23 വർഷങ്ങളിൽ ഡിമാന്റിൽ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (നം.25/17.11.23) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ഡിമാന്റിൽ കുറവു വന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-11 ജീവനക്കാർ തൊഴിൽ നികുതി അടവാക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

1) തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിയതായി കാണുന്നില്ല.
ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം |
|---|---|
| 1 | മദർ ഡെന്റൽ ക്ലിനിക്ക്/ കൊരട്ടി |
| 2 | കണ്ടംകുളത്തി ആയുർവേദ വൈദ്യശാല, ചിറങ്ങര |
| 3 | S R മെഡിക്കെയർ സെന്റർ,കൊരട്ടി |
| 4 | മാഞ്ഞൂരാൻസ് ക്ലിനിക് |
| 5 | ഭട്ടേരിമഠം ആയുർവേദിക് ക്ലിനിക്ക്, വഴിച്ചാൽ |
| 6 | Cure Cove ഡെന്റൽ ക്ലിനിക് |
| 7 | Nat Pat ഡെന്റൽ ക്ലിനിക് |
| 8 | Bone Care ക്ലിനിക് - അനെക്സ് 1 & അനെക്സ് 2 |
| 9 | മാതാ സൂപ്പർ സ്പെഷാലിറ്റി ഹോസ്പിറ്റൽ,മേലൂർ |
| 10 | സൺറൈസ് സൂപ്പർമാർക്കറ്റ്, കൊരട്ടി |
| 11 | സൂര്യ മാട്രസ്, കിടക്ക നിർമ്മാണയൂണിറ്റ് |
| 12 | മോനോപ്പോളി ഓയിൽ ഇന്റസ്ട്രീസ് പ്രൈ.ലിമിറ്റഡ് |

| | |
|---|---|
| 13 | കോൺഫെഡറേഷൻ ഫോർ ആയുർവേദിക് റിനൈസൻസ് കേരള ലിമിറ്റഡ് |
| 14 | ഇന്ത്യൻ കോഫി ഹൗസ് |
| 15 | ജൂബിലി റീട്ടെയിൽ ഔട്ട് ലെറ്റ് |

2) ക്ഷീരസംഘങ്ങൾ, റേഷൻ കടകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെങ്കിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയഓഡിറ്റ് എൻകയറിയ്ക്ക് (നം. 19തിയതി 15.11.23 ) മറുപടി ലഭ്യമാക്കിയില്ല.
1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 എന്നീ വ്യവസ്ഥകൾ ബാധകമായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

അസി. എഞ്ചിനീയർ ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ മരാമത്ത് പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1.ജോളി ബെന്നി

2.ഗംഗാധരൻ .വി.കെ

3.ഡേവിസ്. എം.ടി

4.ജയ്ജോ.എം.ജോസ്

5.രവീന്ദ്രൻ.എം.ആർ

6.ബാബു ആന്റണി

7.ബിബിൻ.ടി.എസ്

8. ജോസഫ്.കെ.പി

9. ജോസ് പോൾ

10.റോബിൻ ജോസ്

11.ഡേവസ്സി.എം.വി

12.ഷാജു.പി.ഡേവസ്സി

13.ലിയോൻ.എം.വി

14.അഖിൽ.കെ.എസ്

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും നികുതി ഈടാക്കുകയോ അവർ മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 13.11.2023-ലെ 09/22-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽനികുതി ഈടാക്കി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 ലൈവ്സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 (1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈഫ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടു പോകുന്നതോ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232 ആം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ അസഹ്യതയുളവാക്കുന്ന ഒരു പ്രവർത്തിയായിരിക്കുന്നതാണ്.

കന്നുകാലിഫാം - അഞ്ചു മൃഗങ്ങൾ

ആട് ഫാം - 20 മൃഗങ്ങൾ

പന്നിഫാം - അഞ്ച് മൃഗങ്ങൾ

മുയൽ ഫാം - 25 മൃഗങ്ങൾ

പൌൾട്രി ഫാം - 100 പക്ഷികൾ

ലൈവ് സ്റ്റോക്ക് ഫാം രജിസ്റ്റർ പരിശോധനയിൽ 2 കന്നുകാലി ഫാം, 3 പന്നിഫാം, 5പൌൾട്രി ഫാം എന്നിവയാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വെറ്ററിനറി സർജൻ ലഭ്യമാക്കിയ രേഖകൾ പ്രകാരം 8 കന്നുകാലി ഫാമുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഞ്ചായത്ത് പ്രൊജക്ട് നം.195/23

പ്രകാരം ക്ഷീരസംഘങ്ങൾ മുഖേന അളക്കുന്ന പാലിന് സബ്സിഡി നൽകുന്നതിലേക്കായി 7 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും മുഴുവൻ അടങ്കൽ തുകയും ചെലവഴിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രൊജക്ടിലൂടെ ചുവടെ കൊടുത്തിരിക്കുന്നവർക്ക് 32,000 രൂപയ്ക്ക് മുകളിൽ പാലിന് സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്.

| ക്രമ നം. | പേര് | നൽകിയ തുക |
|---|---|---|
| 1 | ജോണി ജോസഫ് | 40,000/- |
| 2 | അലൻ പി തോമസ് | 40,000/- |
| 3 | ബാബു കെ. എസ് | 32,700/- |
| 4 | ആന്റണി | 34,416/- |
| 5 | ബിജു | 36,612/- |

ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ മുകളിൽ സൂചിപ്പിച്ചവരിൽ ജോണി ജോസഫ് എന്നവർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകളുടെ എണ്ണം, അവയിൽ എത്ര ഫാമുകൾക്ക് 2022-23 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിരുന്നു എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. ലൈവ് സ്റ്റോക്ക് ഫാമുകളിൽ പരിശോധന നടത്തി അവ ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 10 /13.11.2023)

## 1-14 തുടർനടപടികൾ അറിയിക്കേണ്ടതാണ്

A)18/11/2022 ലെ അജണ്ട :- 7പ്രകാരമുള്ള കമ്മിറ്റി തീരുമാനങ്ങളുടെ തുടർനടപടി വിവരങ്ങൾഅറിയിക്കുവാൻ ആവശ്യപ്പെട്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 10 /13.11.2023) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**തീരുമാന നമ്പർ :- 1**

കൊരട്ടി പഞ്ചായത്ത് ആറ്റപ്പാടം വനിത വ്യവസായ കേന്ദ്രത്തിൽ 4 പ്ലോട്ട്/കെട്ടിടം വാടകക്ക് നൽകിയിട്ടുണ്ട്. അതിൽ ആൻസി സെബാസ്റ്റ്യൻ എന്നവർ Flair Industries എന്ന സ്ഥാപനം ലൈസൻസ് എടുത്ത് വാടക കുടിശിക കൂടാതെ പ്രവർത്തിക്കുന്നുണ്ട്. മറ്റു പ്ലോട്ട്/കെട്ടിടം വാടകക്ക് എടുത്തിട്ടുള്ള സരോജനി രാഘവൻ ചമ്പന്നൂർ എന്നവർ ഈ സാമ്പത്തിക വർഷം വാടക അടവാക്കിയിട്ടില്ല കൂടാതെ ലൈസൻസ് എടുക്കാതെ അപ്പോൾസ്റ്ററി വർക്കുകൾ ചെയ്യുന്ന സ്ഥാപനം പ്രവർത്തിപ്പിക്കുന്നുണ്ടെന്ന സെക്ഷൻ ക്ലർക്കിന്റെ റിപ്പോർട്ട് യോഗത്തിൽ വായിക്കുകയും മുടക്കം കൂടാതെ വാടക പിരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു

**തീരുമാന നമ്പർ :- 2**

കൊരട്ടി പഞ്ചായത്ത് ആറ്റപ്പാടം വനിത വ്യവസായ കേന്ദ്രത്തിൽ മറിയാമ്മ ജോയ് കുഴിമല( 2 പ്ലോട്ട്/ കെട്ടിടം) എന്നിവർ കോവിഡിന് ശേഷം യാതൊരു സ്ഥാപനവും പ്രവർത്തിപ്പിച്ചിട്ടില്ല കൂടാതെ ഈ സാമ്പത്തിക വർഷം വാടക അടവാക്കിയിട്ടില്ല. ഇവരുടെ പേരിലേക്ക് ഉടമസ്ഥാവകാശം മാറ്റി നല്കുകയാണെങ്കിൽ ഈ സ്ഥാപനത്തിൽ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിന് തയ്യാറാണെന്ന് ഇവർ അറിയിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശം മാറ്റി നല്കുന്നതുസംബന്ധിച്ച് നിയമോപദേശം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഒരിക്കൽ കൂടി നിയമോപദേശം ആവശ്യപ്പെടുന്നതിനും ആയതുപ്രകാരം തുടർനടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**തീരുമാന നമ്പർ :- 3**

പഞ്ചായത്ത് മാർക്കറ്റിലെ കടമുറികൾ വാടകക്ക് എടുത്ത് ഉപയോഗിക്കുന്ന അൽജോ, സാജു, സുബ്രഹ്മണ്യൻ, സനൽരാജ് എന്നിവർ ആരും ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. ആയത് സംബന്ധിച്ച പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

മേൽ തീരുമാനങ്ങളുടെ തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

B)വാടക രജിസ്റ്റർ പ്രകാരം അൽജോ, സാജു, സുബ്രഹ്മണ്യൻ, സനൽരാജ് എന്നിവർ പഞ്ചായത്ത് മാർക്കറ്റിലെ കടമുറികളിൽ മാംസവില്പനയാണ് നടത്തുന്നത്. ഈ മാംസവില്പനശാലകൾ 1996 ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 38 ൽ പറയുന്നവ്യവസ്ഥകൾ പാലിക്കാതെയാണ് പ്രവർത്തിക്കുന്നത് (2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം.1-45 ലും ഇക്കാര്യം പരാമർശിച്ചിരുന്നു). മാംസവില്പനശാല ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## <u>1-15 കടമുറികൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പൊതുമാർക്കറ്റിന്റെ 16/1, 16/2, 16/3, 16/4, 16/5, 16/6, 16/9, 16/10, 16/11, 16/11D, 16/11E എന്നീ കടമുറികൾ ലേലം ചെയ്യുന്നതിന് 22.11.2022 ലെ SC4/245 /2022 നമ്പർ ലേലനോട്ടീസ് പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ല. പിന്നീട് 3.1.23, 13.3.23 എന്നീ തീയതികളിലും പുനർലേലം നടത്തിയെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തതായി ഫയൽ പരിശോധനയിൽ കാണുന്നില്ല. കടമുറികൾ ലേലത്തിൽ പോകാത്തതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കണ്ടെത്തിയ കാരണങ്ങൾ ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല . കൂടാതെ വാടക രജിസ്റ്ററിൽ കടമുറി 16/11, 6.4.2022 ലെ 8(1) നമ്പർ തീരുമാനപ്രകാരം പുനർലേലം ചെയ്യുവാൻ തീരുമാനിച്ചതായും 16/11 Cകടമുറി ജനുവരി മുതൽ ഒഴിഞ്ഞുകിടക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കടമുറികൾ ലേലത്തിൽ പോയതു സംബന്ധിച്ച വിവരവും ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 11 /13.11.2023). കടമുറികൾ ലേലം ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്തിന് വാടകയിനത്തിൽ വരുമാനനഷ്ടം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 ലൈസൻസ്-അപാകങ്ങൾ

1)റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയുടെ ലൈസൻസ്

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കട, ക്രമ നം. 139 പ്രകാരം അബ്കാരി ഷാപ്പുകൾ, ക്രമ നം. 132 പ്രകാരം ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2022-23 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ പരാമർശിച്ച സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കണ്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, കള്ളുഷാപ്പുകൾ ക്ഷിരസംഘങ്ങൾ എന്നിവയുടെ എണ്ണം, അവയിൽ പഞ്ചായത്തിൽ നിന്നും 2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചവയുടെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 10 /13.11.2023). പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2)ലൈസൻസ് അപേക്ഷകളുടെ പരിശോധനയിൽ പെട്രോൾ, ഡീസൽ വിൽപ്പന നടത്തുന്ന ജൂബിലി റിട്ടെയിൽ ഔട്ട് ലെറ്റ് എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചതിന്റെ വിവരം ലഭ്യമായില്ല. സ്ഥാപനത്തിൽ 40 ജീവനക്കാർ ജോലി ചെയ്യുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോയെന്നതും തൊഴിൽനികുതി സ്ഥാപനം/ജീവനക്കാർ

ഈടാക്കിയിട്ടുണ്ടോയെന്നതും അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നമ്പർ-22/15.11.2023). ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നതിന് എതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-17 അങ്കണവാടി നമ്പർ 51-ശോചനീയാവസ്ഥയിൽ

വാടകക്ക് പ്രവർത്തിക്കുന്ന അങ്കണവാടി നമ്പർ 51 നേരിട്ട് പരിശോധന നടത്തി. ഒറ്റ മുറിയിൽ പരിമിതമായ സ്ഥലസൗകര്യത്തിൽ ആണ് അങ്കണവാടി പ്രവർത്തിക്കുന്നത്. പ്രത്യേക അടുക്കള, ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥലം എന്നിവ ഇല്ല. കുട്ടികൾക്ക് ഇരിക്കുന്നതിനും കളിക്കുന്നതിനും ഉറങ്ങുന്നതിനും ഉള്ള സ്ഥല സൗകര്യം വളരെ പരിമിതമാണ്. കെട്ടിടം ശോചനീയമായ അവസ്ഥയിൽ ഉള്ളതുമാണ്.

സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ/19.04.2022 ഖ.8.8.2 (2) ൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലം, കെട്ടിടം എന്നിവ ലഭ്യമാക്കുന്നതിന് പ്രവർത്തിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ 51-ാം നമ്പർ അങ്കണവാടിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

## 1-18 വാട്ടർ പ്യൂരിഫയറുകൾ-സ്ഥാപിച്ചിട്ടില്ല-പ്രവർത്തനക്ഷമമാക്കാത്തതിന്റെ ചെലവ് തുക 2,50,000/രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. 1/23, വാട്ടർ പ്യൂരിഫയർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ്-280000

ധനകാര്യ കമ്മീഷൻ ഗ്രാന്റ്

വൗച്ചർ നമ്പർ-42200716/29-10-2022-280000രൂ

പ്രോജക്റ്റ് നമ്പർ-1/23പ്രകാരം ഒരെണ്ണത്തിന് 10000രൂ വീതം ആകെ 28 എണ്ണം വാട്ടർ പ്യൂരിഫയറുകൾ 280000 രൂപക്ക് വാങ്ങി (ജോ ആന്റ് ജോ എന്റർപ്രൈസസ്, ചാലക്കുടി, ഇൻവോയ്സ് നമ്പർ-1/22-23/20.10.2022) അങ്കണവാടികൾക്ക് നൽകിയത് സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (17/14.11.2023) 3 എണ്ണം മാത്രമേ നിലവിൽ പ്രവർത്തനക്ഷമമാക്കിയിട്ടുള്ളൂ എന്ന് മറുപടി നല്കി. വാട്ടർ ടാങ്ക്, പ്ലഗ് പോയിന്റ് എന്നിവ ഇല്ലാത്തതിനാലാണ് ഇവ സ്ഥാപിക്കാത്തതെന്ന് മറുപടി നൽകി. ഇവ പ്രവർത്തനക്ഷമമാക്കുന്നതിന്

നടപടി സ്വീകരിക്കേണ്ടതാണ്. ബാക്കി 25 എണ്ണം സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതുവരെ, ഇതിന് വേണ്ടി ചെലവ് ചെയ്ത 2,50,000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 സാനിറ്ററിനാപ്കിൻ വെന്റിങ്ങ് മെഷീൻ ആന്റ് ഡിസ്ട്രോയർ മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥ-ഐ.സി.ഡി.എസ് സൂപ്പർവൈസർ
ചെലവ്-275200/-

ഫണ്ട്, അടങ്കൽ-ചെലവ് - വികസന ഫണ്ട്, ജനറൽ 74022, ധനകാര്യ കമ്മീഷൻ ഗ്രാന്റ് 200000 & തനത് ഫണ്ട്-1178

വൗച്ചർ നമ്പർ-42201575/06-02-2023-6400.00

വൗച്ചർ നമ്പർ-42201707/28-03-2023-67,622.00
വൗച്ചർ നമ്പർ- 42201121/09-02-2023-96,800.00
വൗച്ചർ നമ്പർ-42201052/26-01-2023-103200.00

വൗച്ചർ നമ്പർ-42201402/31-03-2023-1178.00
പ്രൊജക്റ്റ് നം. 8/23 സാനിറ്ററി വെന്റിങ്ങ് മെഷീൻ & ഡിസ്ട്രോയർ സ്ഥാപിക്കൽ

ടേക്ക് എ ബ്രേക്ക്, പഞ്ചായത്ത്, പി.എച്ച്.സി, സ്കൂൾ എന്നിവിടങ്ങളിൽ സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിക്കുകയാണ് പ്രോജക്ടിൽ ചെയ്തിരിക്കുന്നത്. 275200 രൂ ചെലവഴിച്ച് 8 മെഷീനുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്റ്റ് ഫോറത്തിൽ നിർവ്വഹണ രീതി ടെൻഡർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ARTCO, SIDCO എന്നിവിടങ്ങളിൽ നിന്ന് കട്ടേഷൻ വാങ്ങി ഏറ്റവും കുറവ് രേഖപ്പെടുത്തിയ (34400 രൂപ) ARTCO യിൽ നിന്നാണ് ഡിസ്ട്രോയർ മെഷീൻ വാങ്ങിയിരിക്കുന്നത്.

ജി.ഒ(പി) നം. 7/2019/SPD/26.4.2019 ഉത്തരവ് പ്രകാരം 25000 രൂപക്ക് മേലുള്ള എല്ലാ വാങ്ങലുകളും ജെം മുഖേന നടത്തേണ്ടതാണ്.

ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തുന്നതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/14.11.2023) ലഭ്യമാക്കിയ മറുപടിയിൽ സുലേഖയിൽ പ്രൊജക്റ്റ് രേഖപ്പെടുത്തിയപ്പോൾ വന്ന തെറ്റാണെന്നും നേരിട്ട് വാങ്ങൽ എന്നാണ് പ്രൊജക്റ്റ് ഫോറം പേജ് നം. 6 ൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്നും അറിയിച്ചു. ആർട്ട്കോയിൽ നിന്നും നേരിട്ട് നാപ്കിൻ ഡിസ്ട്രോയർ

മെഷീൻ വാങ്ങുന്നതിന് ആധാരമായ സർക്കാർ ഉത്തരവുകൾ ഒന്നും ഹാജരാക്കിയില്ല. ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മെഷീനുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ എന്നതിന് മറുപടിയായി 8 മെഷീനുകൾ വാങ്ങിയത്, പഞ്ചായത്ത് എൽപി സ്കൂളിലൊഴികെ മറ്റെല്ലായിടത്തും പ്രവർത്തനക്ഷമമാക്കിയതായി അറിയിച്ചിട്ടുണ്ട്. സ്കൂളിൽ ഇലക്ട്രിഫിക്കേഷൻ ശരിയല്ലാത്തതിനാലാണ് പ്രവർത്തിക്കാത്തതെന്നാണ് അറിയിച്ചത്. ഈ വിവരം പഞ്ചായത്തിനെ അറിയിച്ചതായും മറുപടി നൽകിയിട്ടുണ്ട്. സ്കൂളിൽ സ്ഥാപിച്ച ഡിസ്ട്രോയർ മെഷീൻ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മെഷീൻ പ്രവർത്തനക്ഷമമാക്കുന്നത് വരെ ആയതിന് വേണ്ടി ചെലവ് ചെയ്ത തുക 34,400/- രൂപാ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ആശ്രയ-അഗതി രഹിത കേരളം-കുടുംബശ്രീ അക്കൗണ്ടിൽ തുക ചെലവഴിക്കാൻ അവശേഷിക്കുന്നു-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണം- അസി. സെക്രട്ടറി

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ഫണ്ട് | ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|---|
| 78 ആശ്രയ-അഗതി രഹിത കേരളം (അടങ്കൽ-400000) | 42201523<br>42201559 | 20/12/22<br>24/1/23 | 100000<br>200000 | വികസന ഫണ്ട് ജില്ലാ പഞ്ചായത്ത് വിഹിതം | 251150301 - Welfare Of Destitutes-Ashraya-Housing |

മേൽ പ്രോജക്റ്റ് പ്രകാരം കുടുംബശ്രീയുടെ കാനറ ബാങ്കിലുള്ള (നമ്പർ 8723) അഗതി രഹിത കേരളം അക്കൗണ്ടിലേയ്ക്ക് 300000 രൂപ ട്രാൻസ്ഫർ ചെയ്തു നല്കിയിട്ടുണ്ട്. ഈ ബാങ്ക് അക്കൗണ്ടിന്റെ സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 731080.55 |
| പലിശവരവ് | 13754 |
| പ്രോജക്റ്റ് പ്രകാരം ട്രാൻസ്ഫർ ചെയ്തത് | 300000 |
| | |

| | |
|---|---|
| ആകെ വരവ് | 1044834.55 |
| ബാങ്ക് ചാർജ്ജ് | 682 |
| ഭക്ഷണ വിതരണം | 385085 |
| ശ്രീ. വിജു വി എ ഭവന നിർമാണം | 200000 |
| ശ്രീമതി റോസി ഭവന നിർമാണം | 40000 |
| ആകെ ചെലവ് | 625767 |
| നീക്കിയിരിപ്പ് | 419067.55 |

തൻവർഷം ഈ തുകയിൽ നിന്നും വീട് വയ്ക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന രീതിയിൽ ധനസഹായം നല്കിയിട്ടുണ്ട്.

| ചെക്ക് | തീയ്യതി | തുക | ഗുണഭോക്താവ് |
|---|---|---|---|
| 675976 | 30/1/23 | 40000 | ശ്രീമതി റോസി |
| 125009 | 4/6/22 | 100000 | ശ്രീ വിജു വി എ |
| 675974 | 13/10/22 | 100000 | ശ്രീ വിജു വി എ |

1.മുൻവർഷങ്ങളിൽ കുടുംബശ്രീയ്ക്ക് പ്രോജക്റ്റ് പ്രകാരം നല്കിയ തുകയിൽ ചെലവഴിക്കാൻ ബാക്കി നില്ക്കുന്ന തുകയിൽ നിന്നാണ് ശ്രീ വിജു വിന് ഭവന നിർമാണത്തിന് തൻവർഷം 200000 രൂപ ധനസഹായം നല്കിയിട്ടുള്ളത്. ഇപ്രകാരം മുൻവർഷങ്ങളിൽ കൈമാറിയ തുക ചെലവഴിക്കാൻ അവശേഷിക്കുമ്പോളാണ് വീണ്ടും കുടുംബശ്രീ യ്ക്ക് തൻവർഷം 300000 രൂപ നല്കുന്നത്. തൻവർഷം കുടുംബശ്രീയ്ക്ക് കൈമാറിയ തുകയിൽ നിന്നും തൻവർഷത്തെ ഭവന നിർമാണ സഹായത്തിനുള്ള ചെലവ് 40000 രൂപ മാത്രമാണ്. ഇതിൽ നിന്നും ബാക്കി വികസനഫണ്ട്, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച തുക എന്നിവ കുടുംബശ്രീ അക്കൗണ്ടിൽ കുടുംബശ്രീക്ക് ലഭിക്കുന്ന ചാലഞ്ച് ഫണ്ടിനോടൊപ്പം സൂക്ഷിച്ചിരിക്കുകയാണ് എന്ന് വ്യക്തമാണ്.

വീട് പണിയുടെ ഓരോ ഘട്ടം പൂർത്തിയാകുന്നതിനനുസരിച്ചും കുടുംബശ്രീയിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് വികസനഫണ്ടിൽ നിന്നോ ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ നിന്നോ ഇപ്രകാരം തുക കൈമാറിയാൽ വികസനഫണ്ട്, മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം എന്നിവ കുടുംബശ്രീ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ഒഴിവാക്കാവുന്നതാണ്.

2.കുടുംബശ്രീ യ്ക്ക് തുക കൈമാറിയപ്പോൾ തന്നെ അഗതികളുടെ ക്ഷേമ പ്രവർത്തനം- ഭവന നിർമാണം എന്ന ശീർഷകത്തിൽ തൻവർഷം 300000 രൂപ ചെലവായി രേഖപ്പെടുത്തി. എന്നാൽ തൻവർഷം ഈയിനത്തിൽ 240000രൂപ മാത്രമാണ് ചെലവ്. കുടുംബശ്രീക്ക് തുക നല്കിയപ്പോൾ ആയത് അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്യേണ്ടിയിരുന്നതും കുടുംബശ്രീ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയ മുറയ്ക്ക് 2022-23 വർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ 240000 രൂപ മാത്രം ഈ ശീർഷകത്തിൽ ചെലവായി രേഖപ്പെടുത്തി ബാക്കി കുടുംബശ്രീ മുൻവർഷങ്ങളിലേതുൾപ്പെടെ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക കണക്കാക്കി 31/3/23ലെ ബാലൻസ്ഷീറ്റിൽ ക്രമീകരിക്കാനുള്ള മുൻകൂർ ആയി രേഖപ്പെടുത്തേണ്ടിയിരുന്നതുമാണ്. (ബാങ്കിലെ നീക്കിയിരിപ്പ് തുകയിൽ കുടുംബശ്രീ ചാലഞ്ച് ഫണ്ട് , അതിന്റെ പലിശ ഉൾപ്പെടെ ഉള്ളതിനാൽ മുൻവർഷങ്ങളിൽ ഉൾപ്പെടെ പ്രോജക്റ്റ് പ്രകാരം കൈമാറിയ തുകയിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഓഡിറ്റിൽ കണക്കാക്കാനായില്ല)

2023-24 വർഷത്തിൽ ഗുണഭോക്താക്കൾക്ക് തുക കൈമാറിയിട്ടുണ്ടെന്നും ഇനി ശ്രീമതി റോസി അമ്പാടന്റെ വീട് പണി പൂർത്തീകരിക്കുമ്പോൾ 200000 രൂപ നല്കുന്ന മുറയ്ക്ക് പലിശ തുകയും ചാലഞ്ച് ഫണ്ട് തുകയും മാത്രമെ അക്കൗണ്ടിൽ അവശേഷിക്കൂ എന്നാണ് ഓഡിറ്റ് എൻകയറിയ്ക്ക്(ഓഡിറ്റ് എൻകയറി 6 തീയ്യതി 10/11/23) നല്കിയിരിക്കുന്ന മറുപടി.

നിലവിൽ കുടുംബശ്രീ അക്കൗണ്ടിൽ ബാക്കിയുള്ള തുക അർഹരായ ഗുണഭോക്താക്കൾക്ക് ഭവന നിർമാണം പൂർത്തീകരിക്കുന്നതിനനുസരിച്ച് നല്കേണ്ടതും അല്ലാത്ത പക്ഷം ഫണ്ട് നല്കിയ സ്ഥാപനങ്ങളിലേയ്ക്ക് തിരിച്ചടക്കേണ്ടതുമാണ്.

**1-21 അളവ് പുസ്തകത്തിലെ ഗണിത ക്രിയയിൽ വ്യത്യാസം- 918 രൂപ കരാറുകാരന് അധികം നല്കി; ജി.എസ്.ടി യുടെ 4% കൂടി കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂക്ഷ്മപരിശോധന, മേൽനോട്ടം എന്നിവയ്ക്ക് തുക നല്കിയതിനാൽ 1526 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി അധികം നല്കി**

നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | അളവു പുസ്തകം നമ്പർ | തുക | ഫണ്ട് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 46-<br>ടേയ്ക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് ബ്ലോക്ക് വൈദ്യുതീകരണം<br>(അടങ്കൽ-350000) | 42200915 തീയ്യതി 18/12/22<br>(Payment Accrual Journal Voucher)<br>22201092 തീയ്യതി 31/12/22<br>(Payment Voucher) | 90 | 301274 | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

1. 22-09-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015/തസ്വഭവ, പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ഇലക്ട്രിക് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, മേൽനോട്ടം എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് എസ്റ്റിമേറ്റ് തുകയുടെ 4% പ്രതിഫലമായി അനുവദിക്കാവുന്നതാണ്. (ഇത് 2021-22 സാമ്പത്തികവർഷം എസ്റ്റിമേറ്റ് തയ്യാറാക്കി തൻവർഷം സ്പിൽ ഓവർ ആയി നടപ്പാക്കിയ പ്രോജക്റ്റ് ആയതിനാൽ എഞ്ചിനീയർമാർക്കുള്ള പ്രതിഫലം നൽകുന്നതിന് ഈ ഉത്തരവാണ് ബാധകം) നിലവിൽ ജി.എസ്.ടി ഉൾപ്പെടാതെയുള്ള തുകയാണ് ടെണ്ടർ ക്ഷണിക്കുന്നതുൾപ്പെടെയുള്ള നടപടികൾക്ക് ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയായി പരിഗണിക്കേണ്ടതെന്ന് ഫിനാൻസ് (ഇന്റസ്ട്രീസ്&പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019ലെ നമ്പർ 18/2019/Fin സർക്കുലർ ഖണ്ഡിക 6-ൽ വ്യക്തമാക്കുന്നുണ്ട്. മേൽ പട്ടികയിൽ സൂചിപ്പിച്ച പ്രവൃത്തിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, സൂപ്പർവിഷനുമായി ജി.എസ്.ടി ഉൾപ്പെടാത്ത എസ്റ്റിമേറ്റ് തുകയായ 280631.07 രൂപയുടെ 4% ആയ 11225.24 രൂപ കണക്കാക്കുന്നതിന് പകരം, എസ്റ്റിമേറ്റ്+12% ജി.എസ്.ടി (33675.73 രൂപ) തുകയായ 314306.80 രൂപയുടെ 4% ആയ 12572.27രൂപയാണ് എസ്റ്റിമേറ്റ് പ്രകാരം കണക്കാക്കിയിരിക്കുന്നത്. എന്നാൽ പട്ടികയിൽ സൂചിപ്പിച്ച വൗച്ചർ പ്രകാരം ശ്രീ. പി. എ ഇസ്മായിലിന് തുക നല്കിയപ്പോൾ 12751 രൂപ നല്കി. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സൂപ്പർവിഷനുമായി ശ്രീ. പി. എ ഇസ്മായിലിന് അധികം നൽകിയിരിക്കുന്ന 12751 -11225 = 1526 രൂപ ശ്രീ. പി. എ ഇസ്മായിലിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്.

2.പ്രവൃത്തിയുടെ അളവ് പുസ്തകം പേജ് നമ്പർ 22, 24 എന്നിവയിൽ യഥാക്രമം എസ്റ്റിമേറ്റിലെ 15(D), 17(A)എന്നീ ഇനങ്ങൾ നിർവ്വഹിച്ചതിന്റെ മൂല്യം കണക്കാക്കിയതിൽ ഗണിതക്രിയയിൽ വ്യത്യാസം

വന്നിരിക്കുന്നു. വിവരങ്ങൾ താഴെ.

| അളവ് പുസ്തകം പ്രകാരമുള്ള വിവരങ്ങൾ | | | | | കുറിപ്പ് | |
|---|---|---|---|---|---|---|
| എസ്റ്റിമേറ്റിലെ ഇനം നമ്പർ | വിവരങ്ങൾ | ചെയ്ത പ്രവൃത്തി അളവ് | നിരക്ക് (എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്ക് തന്നെയാണ് അളവു പുസ്തകത്തിലും രേഖപ്പെടുത്തിയിരിക്കുന്നത്) | ആകെ മൂല്യം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് | ആകെ മൂല്യം വരേണ്ടത് | കൂടുതലായി നല്കിയത് |
| 15(D) | 2.10.1 S&F6-32ASP MCB (C-CURVE) | 10 എണ്ണം | ഒന്നിന് 227 രൂപ | 2770 | 2270 | 500 |
| 17(A) | 90.6.4.22- 2.5 Sqmm Dia Light Guage | 25 മീറ്റർ | 69.46/മീറ്റർ | 2083.8 | 1736.50 | 347.30 |
| ആകെ | | | | | | 847.30 |
| കുറയ്ക്കുക ടെണ്ടർ കുറവ് 3.30% | | | | | | 27.96 |
| ബിൽ തുകയിൽ കൂടുതൽ വന്ന പ്രവൃത്തി മൂല്യം | | | | | | 819.34 |
| ബാധകമായ ജി.എസ്.ടി 12% | | | | | | 98.32 |
| ആകെ ബിൽ തുകയിൽ കൂടുതൽ വന്ന പ്രവൃത്തി മൂല്യം | | | | | | 917.66 |

അധികം നൽകിയ 918 രൂപ കരാറുകാരനിൽ നിന്നോ അളവ് പുസ്തകം തയ്യാറാക്കിയ കൺസൾട്ടൻസി എഞ്ചിനീയറിൽ നിന്നോ അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിലേയ്ക്ക് അടവാക്കേണ്ടതാണ്.

(ഓഡിറ്റ് എൻകയറി 7 തീയ്യതി 10/11/23, മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-22 തൊഴിലുറപ്പ് പദ്ധതി - പഞ്ചായത്തിന് ആസ്തി നിർമിക്കുന്ന പ്രോജക്റ്റുകൾ- മെറ്റീരിയൽ വാങ്ങൽ- ജി.എസ്.ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കുന്നതിന് ശുപാർശ (FTO) നല്കി- ജിഎസ് ടി.ടി.ഡി.എസ് കുറവ് ചെയ്തില്ല

കൊരട്ടി ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ കർമ്മ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ പഞ്ചായത്തിന് ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾ നേരിട്ട് നിർവ്വഹിക്കുന്നതിന് ആവശ്യമായ മെറ്റീരിയലുകൾ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ഭരണസമിതിയുടെ 17/3/22 ലെ അടിയന്തിര കമ്മിറ്റിയിലെ 24(2) നമ്പർ തീരുമാനം പ്രകാരം ശ്രീ രവീന്ദ്രൻ എം ആർ സമർപ്പിച്ച ടെണ്ടർ സ്വീകരിക്കുകയും ചെയ്തു.

ഗ്രാമപഞ്ചായത്ത് എൻ.ആർ.ഇ.ജി.എസ് വിഭാഗം നല്കിയ സാക്ഷ്യപ്പെടുത്തിയ പത്രിക പ്രകാരം 2022-23വർഷത്തിൽ 1576827 രൂപയാണ് പഞ്ചായത്തിന് ആസ്തികൾ നിർമിക്കുന്നതിന് കൂലി, മെറ്റീരിയൽ ഉൾപ്പെടെയുള്ള ചെലവ്. ഇതിൽ 3 പ്രവൃത്തികൾക്കാണ് പ്രവൃത്തിയ്ക്ക് ആവശ്യമായ മെറ്റീരിയൽ വാങ്ങിയതിന് തുക നല്കിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അളവ് പുസ്തകം | കൂലി ചെലവ് | നോട്ടീസ് ബോർഡ് സ്ഥാപിക്കുന്നതിനുള്ള ചെലവ് | മെറ്റീരിയൽ | ആകെ | മെറ്റീരിയൽ ചെലവ് ശുപാർശ ചെയ്ത എഫ് ടി ഒ നമ്പർ/ ശുപാർശ ചെയ്യപ്പെട്ട സപ്ലെയർ |
|---|---|---|---|---|---|---|---|
| 1 | വാർഡ് 18ലെ ഖരമാലിന്യ സംഭരണ കേന്ദ്രം നിർമാണം | 31/22-23 | 10594 | 1197 | 25206 | 36997 | 0121EATPAYREQ 2503202316 ന1529/ രവീന്ദ്രൻ എം ആർ |
| 2 | വാർഡ് 4 ലെ സൗഹൃദ റോഡ് നിർമാണം | 83/22-23 | 74149 | 1697 | 387376 | 463222 | 0121EATPAYREQ 25032023162827/ രവീന്ദ്രൻ എം ആർ |
| | | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | വാർഡ് 7 ലെ ചീരം കുഴി സൗഹൃദ റോഡ് നിർമാണം | 80/22-23 | 21961 | 1697 | 122766 | 122766 | 0121EATPAYREQ 25032023162646/ രവീന്ദ്രൻ എം ആർ |
| ആകെ മെറ്റീരിയൽ തുക | | | | | 535348 | | |

ഫിനാൻസ് (ഇന്ററസ്ട്രീസ്&പബ്ലിക് വർക്സ്-ബി) വകുപ്പിന്റെ 1-3-2019 ലെ നമ്പർ 18/2019/Fin സർക്കുലർ ഖണ്ഡിക 4 പ്രകാരം സാധനങ്ങളുടെയും സേവനങ്ങളുടെയും സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. മേൽ പ്രവൃത്തികൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത ശ്രീ. രവീന്ദ്രൻ എം. ആർ ന്റെ ജി.എസ്.ടി രജിസ്ട്രേഷൻ നമ്പർ 32AHHPR5477J1ZW ആണ്. ജി.എസ്.ടി നിയമം 2017 വകുപ്പ് 31 പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി സപ്ലൈയർ ഇൻവോയ്സ് നല്കേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് സപ്ലൈയർക്ക് തുക നല്കുന്നതിന് ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി മിഷന് ശിപാർശ ചെയ്യേണ്ടത്. മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള കരാർ തുക 2,50,000 രൂപയിൽ അധികമായതിനാൽ ജി.എസ്.ടി നിയമം 2017 വകുപ്പ് 51 പ്രകാരം മെറ്റീരിയൽ വാങ്ങിയതിന് നല്കുന്ന തുകയിൽ നിന്ന് ജി.എസ്.ടി ഇനത്തിലുള്ള ടി.ഡി.എസ് (സംസ്ഥാന ജി.എസ്.ടി -1%, കേന്ദ്ര ജി.എസ്.ടി - 1%, ആകെ 2%) കുറവ് ചെയ്യേണ്ടതുണ്ട്.

(1) ശ്രീ. എം. ആർ രവീന്ദ്രൻ മേൽ സാധനങ്ങൾ സപ്ലൈ ചെയ്തതിന് ജി.എസ്.ടി ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല. ശ്രീ. രവീന്ദ്രൻ എം. ആർ സപ്ലൈ ചെയ്ത സാധനങ്ങളുടെ പേരും അളവും മാത്രം ലെറ്റർ ഹെഡിൽ എഴുതി തുക ലഭ്യമാക്കണമെന്ന് അപേക്ഷിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് വിഭാഗം ടെണ്ടറിൽ കാട്ട് ചെയ്ത നിരക്കിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. ആർ രവീന്ദ്രന് നല്കേണ്ട ആകെ തുക കണക്കാക്കുകയും തുക സപ്ലൈയർക്ക് ലഭിക്കുന്നതിനായി തൊഴിലുറപ്പ് മിഷനിലേയ്ക്ക് ഫണ്ട് ട്രാൻസ്ഫർ ഓർഡർ (FTO) സമർപ്പിക്കുകയും ചെയ്തു.

(2) ശ്രീ. രവീന്ദ്രൻ എം. ആർ ന് തുക നല്കിയപ്പോൾ ജി.എസ്.ടി യിൽ നിന്ന് ടി.ഡി.എസ് കുറവ് ചെയ്ത് കേന്ദ്ര സംസ്ഥാന ജി.എസ്.ടി യിലേയ്ക്ക് അടവാക്കിയിട്ടില്ല. (ടി.ഡി.എസ് തുക FTO യിൽ കുറവ് ചെയ്യുകയോ തുക നല്കുന്ന സമയത്ത് ടി.ഡി.എസ് കുറവ് ചെയ്യണമെന്ന് തുക സപ്ലൈയർക്ക് നേരിട്ട് കൈമാറുന്ന എൻ.ആർ.ഇ.ജി.എസ് മിഷനോട് ശുപാർശ ചെയ്യുകയോ ചെയ്തിട്ടില്ല.)

(3)അതാത് അളവ് പുസ്തകങ്ങളിൽ മറ്റ് അളവുകൾ രേഖപ്പെടുത്തിയതിന്റെ സൈഡിലായി സപ്ലൈ ചെയ്ത സാധനങ്ങളുടെ ആകെ അളവ് രേഖപ്പെടുത്തി വരുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 189(എ), 190 (3)(Ii) ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സപ്ലൈ ചെയ്തതിന്റെ വിവരങ്ങൾ പ്രാരംഭമായി ചേർക്കുകയോ സപ്ലൈ ചെയ്ത മെറ്റീരിയൽസ് സ്റ്റാക്ക് ചെയ്ത് അളവ് കണക്കാക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകളിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർവർഷങ്ങളിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 18 തീയ്യതി 15/11/23, മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-23 ഇല്ലാത്ത വായ്പക്ക് സ്രോതസ്സിൽ നിന്ന് വിഹിതം ഈടാക്കി

2022-23 ലെ വാർഷികകണക്ക് ബാലൻസ് ഷീറ്റ് പ്രകാരം വായ്പ ഇനത്തിൽ ബാദ്ധ്യത ഇല്ല. എന്നാൽ പ്രൊജക്ട് നമ്പർ-297 (139497രൂ) & പ്രൊജക്ട് നമ്പർ-299(139498 രൂ) എന്നിവ പ്രകാരം 278995 രൂപ വികസന ഫണ്ട് എസ് സി പിയിൽ നിന്ന് കുറവ് ചെയ്തിട്ടുണ്ട്. പഞ്ചായത്തിന് വായ്പ ഇനത്തിൽ ബാദ്ധ്യത ഇല്ല എന്നിരിക്കെ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത വിഹിതം തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലനം-സബ്സിഡി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നം.180/കന്നുകുട്ടി പരിപാലനം

അടങ്കൽ തുക:1125000{562500(വികസനഫണ്ട് ജനറൽ) +562500(മറ്റുള്ളവ)}

ചെലവ് തുക:562500(വികസനഫണ്ട് ജനറൽ)

ട്രഷറി ബിൽ നം:4/23-425000രൂപ /25.1.2023

ട്രഷറി ബിൽ നം:4/23-137500രൂപ /10.2.2023

മേൽ ബില്ലുകൾ പ്രകാരം കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയിൽ 45 ഗുണഭോക്താക്കൾക്കായി 12500 രൂപ നിരക്കിൽ (സംസ്ഥാന വിഹിതം ഉൾപ്പെടെ) 562500 രൂപ ഡെപ്യൂട്ടി ഡയറക്ടർ എസ്.എൽ.ബി.പി ക്ക് കൈമാറിയിട്ടുണ്ട്. 4-6 മാസം പ്രായമുള്ള പശുക്കുട്ടികളുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് സബ്സിഡി തുക തീരുന്നതുവരെ ക്ഷീരസംഘം വഴി തീറ്റവിതരണം ചെയ്യുന്നതാണ് ടി പദ്ധതി. കോനൂർ ക്ഷീരസംഘത്തിന്റെ നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്നവർ ചില മാസങ്ങളിൽ തീറ്റ കൈപ്പറ്റിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തീറ്റ കൈപ്പറ്റാത്ത മാസങ്ങൾ |
|---|---|---|
| 1 | ബെന്നി സെബാസ്റ്റ്യൻ | മാർച്ച് |
| 2 | കെ. കെ ഔസേഫ് | മാർച്ച് |
| 3 | സി. ആർ ഡേവിസ് | മാർച്ച് |
| 4 | ആന്റൂ എ. എൽ | മാർച്ച് |
| 5 | റോസി ലോനപ്പൻ | സെപ്റ്റംബർ, ഒക്ടോബർ, നവംബർ |
| 6 | ജോണി പി. ഒ | നവംബർ |
| 7 | ലീല പദ്മനാഭൻ | നവംബർ |
| 8 | ഭാസ്ക്കരൻ | നവംബർ |

അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് റോസി ലോനപ്പൻ എന്നവരെ പദ്ധതിയിൽനിന്നും നീക്കം ചെയ്തതായി അറിയിപ്പ് നല്കിയിട്ടുണ്ടെന്നും സബ്സിഡി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമായിട്ടുണ്ട്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റുള്ളവരിൽനിന്നും തീറ്റ വാങ്ങാത്തതിന്റെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്നമുറയ്ക്ക് വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കൾ കൈപ്പറ്റാത്ത സബ്സിഡി തുക ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പിയിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് (ഓഡിറ്റ് അന്വേഷണം നം.23/15.11.2023).

## 1-25 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ-കൺസൾട്ടന്റുമായി കരാർ വച്ചില്ല

പ്രോജക്ട് നം.173/23, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ

അടങ്കൽ-35,000, ചെലവ്-30,000/, തനത് ഫണ്ട്.

വൗച്ചർ നം.22201113, Dt.9-2-23

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പുതുക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനായി ക്വൊട്ടേഷൻ ക്ഷണിച്ചത് പ്രകാരം, ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ, TQ Services എന്ന സ്ഥാപനത്തിന്റെ ക്വൊട്ടേഷൻ അംഗീകരിക്കുകയും, ടി സ്ഥാപനവുമായി കരാർ വച്ച് പ്രവൃത്തി ചെയ്യിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുണ്ട് (പഞ്ചായത്ത്

കമ്മിറ്റിയുടെ 23-4-22 ലെ സാധാരണ യോഗത്തിലെ 11/2-ാം നമ്പർ തീരുമാനം) സ്ഥാപനത്തിന് മേൽ വൗച്ചർ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനവുമായി കരാർ ഏർപ്പെട്ടിട്ടില്ല. കരാറിൽ ഏർപ്പെടാതിരുന്നതിന്റെ കാരണം ഓഡിറ്റിന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (എൻകയറി നം. 12, Dt.13-11-23) പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമായില്ല. പഞ്ചായത്ത് തീരുമാനപ്രകാരം കരാറിൽ ഏർപ്പെട്ട് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 സമേതം-സമഗ്ര വിദ്യാഭ്യാസ പരിപാടി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്ട് നം.241/23,സമേതം-സമഗ്ര വിദ്യാഭ്യാസ പരിപാടി

അടങ്കൽ-50,000/-, ചെലവ്-48600/- ഫണ്ട്-വികസനഫണ്ട്-ജനറൽ

വൗച്ചർ നം.42201664, Dt.22-3-23

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ സമഗ്ര വിദ്യാഭ്യാസ പരിപാടിക്ക് മേൽ വൗച്ചർ പ്രകാരം സെക്രട്ടറി, തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.
(ഓഡിറ്റ് എൻകയറി നം. 12/തീ. 13.11.23)

## 1-27 കൊരട്ടി ശ്രീ. ഫുഡ്- മെഷിനറി വാങ്ങൽ-ചെലവ് തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രോജക്ട് നം.234/23, കൊരട്ടി ശ്രീ. ഫുഡ് മെഷിനറി വാങ്ങൽ

അടങ്കൽ-11,32,205, ഫണ്ട്-വികസനഫണ്ട് ജനറൽ

ചെലവ്-4,69,500/

ട്രഷറി ബിൽ നം.-25/22-23, Dt.28-3-23

കൊരട്ടി പഞ്ചായത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിക്കുന്ന ഉൽപാദനവിപണന സംരംഭമായ കൊരട്ടി ശ്രീ ഫുഡ് എന്ന പദ്ധതിയിലേക്ക് ഭക്ഷണം ഉണ്ടാക്കുന്നതിനായി ആവശ്യമായ മെഷിനറികൾ വാങ്ങുന്നതിനുള്ളതായിരുന്നു പദ്ധതി. മെഷിനറികൾ ഇ-ടെണ്ടർ വഴി വാങ്ങാനായിരുന്നു തീരുമാനം. എന്നാൽ ടെണ്ടർ ക്ഷണിച്ചതിൽ, സിംഗിൾ ടെണ്ടർ ആണ് ലഭിച്ചത്. സാമ്പത്തിക വർഷം അവസാനിക്കാറായതിനാൽ, ഇനിയും ടെണ്ടർ ചെയ്യാൻ

സമയമില്ലാത്തതിനാൽ ജെം മുഖേന പർച്ചേയ് സ് ചെയ്യുന്നതിന് തീരുമാനിച്ചു. (18-3-23ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിരയോഗത്തിലെ 2/2-ാം നമ്പർ തീരുമാനം).

ജെം മുഖേന, VESTA ENGINEERS, എരുമത്തല (പി.ഒ), ആലുവ എന്ന സ്ഥാപനത്തിൽ നിന്നും, 3000 Watt, 200mm, റൊട്ടി മേക്കിംഗ് മെഷിൻ മാത്രം, 4,69,500/- രൂപയ്ക്ക് വാങ്ങുകയും പഞ്ചായത്ത് ആയത് സ്റ്റോക്കിൽ ചേർത്ത് പഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. (ഇൻവോയ്സ് നം.VT/385/2022-23, Dt.27-3-23)എന്നാൽ ഈ ഇൻവോയ്സിൽ മെഷിന്റെ വാറണ്ടിയെപ്പറ്റി ഒന്നും തന്നെ വ്യക്തമാക്കിയിട്ടില്ല.

പദ്ധതിയ്ക്കായി, 2021-22 സാമ്പത്തിക വർഷത്തിൽ, പഞ്ചായത്തിന്റെ ആറ്റപ്പാടം വ്യവസായ കേന്ദ്രത്തിൽ കെട്ടിടം നിർമിക്കുകയും, 2022-23 വർഷത്തിൽ, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രോജക്ടിൽ, ടൈൽ വർക്കുകളും, വാതിലുകളും, ജനലുകളും സ്ഥാപിക്കുന്ന വർക്കുകളും നടത്തിയിട്ടുണ്ട്. കെട്ടിടത്തിൽ കറണ്ട് കണക്ഷനും, വെള്ളത്തിനുള്ള കണക്ഷനും ഇല്ല. ഇലക്ട്രിക്കൽ വർക്കിനുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട് എന്നാണ് സ്ഥലപരിശോധനാ സമയത്ത് പഞ്ചായത്ത് അസി. എഞ്ചിനീയർ വ്യക്തമാക്കിയത്.

പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1.2021-22, 2022-23 വർഷങ്ങളിലായി ഏകദേശം, 20 ലക്ഷം രൂപയോളം ചെലവ് ചെയ്ത ഈ പദ്ധതിയുടെ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

2.ഈ സംരംഭം നടത്തിക്കൊണ്ട് പോകാനുള്ള തൊഴിലാളികളെ കണ്ടെത്തുകയോ അവർക്കാവശ്യമായ പരിശീലനം നൽകുകയോ ചെയ്തിട്ടില്ല.

